Kerala Catholic Bible Society
REG. No. E.R. 649/91

PASTORAL ORIENTATION CENTRE
P.B. No. 2251, Palarivattom
Cochin, Kerala, India - 682 025
☎ : 0484 2805897, 2805815
: secretary@keralabiblesociety.com
: www.keralabiblesociety.com

**22-ാമത് അഖിലകേരള ലോഗോസ് ക്വിസ് ഇന്ന്**

K.C.B.C ബൈബിൾ സൊസൈറ്റി സംഘടിപ്പിക്കുന്ന ലോകത്തിലെ ഏറ്റവും വലിയ ക്വിസ് പരീക്ഷ സെപ്റ്റംബർ 25 ഞായറാഴ്ച 2 മുതൽ 3.30വരെ നടത്തപ്പെടും. ഈ വർഷം നാല് ലക്ഷത്തി തൊണ്ണൂറായിരം പേരാണ് പങ്കെടുക്കുന്നത്. അമ്പതിനായിരത്തിൽപരം ആളുകളെ പങ്കെടുപ്പിച്ചുകൊണ്ട് എറണാകുളം -അങ്കമാലി രൂപത എണ്ണത്തിൽ ഒന്നാം സ്ഥാനവും, തൃശൂർ അതിരൂപതയും പാലാ രൂപതയും രണ്ടും മൂന്നും സ്ഥാനത്ത് നിൽക്കുന്നു. ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിക്കുന്നത് കുറവിലങ്ങാട് മർത്താ മറിയം പള്ളിയും, രണ്ടാം സ്ഥാനത്ത് എഴുപുന്ന സെന്റ് റാഫേൽ ചർച്ചുമാണ്. ലോഗോസ് ക്വിസിന്റെ സെമിഫൈനൽ മത്സരങ്ങൾ നവംബർ 6നും ലോഗോസ് പ്രതിഭാ മത്സരങ്ങൾ നവംബർ 19,20 തിയതികളിൽ പി.ഒ.സി. പാലാരിവട്ടത്ത് നടത്തപ്പെടും. ബധിരർക്കായും ഈ വർഷം പ്രത്യേക ക്വിസ് സംഘടിപ്പിക്കപ്പെടുന്നു. ഇരുപത്തിരണ്ടാമത് ലോഗോസ് പരീക്ഷക്ക് K.C.B.C ബൈബിൾ സൊസൈറ്റി ചെയർമാൻ ബിഷപ്പ് ഡോ. ജെയിംസ് ആനാപറമ്പിൽ, വൈസ് ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റം, സെക്രട്ടറി റവ. ഡോ. ജോജു കോക്കാട്ട്, ജോയിന്റ് സെക്രട്ടറി ശ്രീ ജോസഫ് പന്തപ്ലാക്കൽ ട്രഷറർ സി. ഐഡ ഇസബെല്ല എന്നിവർ നേതൃത്വം നൽകും.

KCBC BIBLE COMMISSION · POC, PALARIVATTOM, PB NO. 2251 · KOCHI - 682 025 KERALA, INDIA

ഫാ. ജോജു കോക്കാട്ട്
സെക്രട്ടറി
കേരള കാത്തലിക് ബൈബിൾ സൊസൈറ്റി
പി.ഒ.സി., പാലാരിവട്ടം